**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3022** **18-03-2022 - ൽ മറുപടിയ്ക്ക്**

**കുപ്പിവെള്ള വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുപ്പിവെള്ളം ന്യായവിലയ്ക്ക് സർക്കാർ തലത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം തടയുന്നതിനും ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിൽ എത്തിക്കുന്നതിനുമായി സർക്കാർ മേഖലയിൽ തൊടുപുഴയിലും അരുവിക്കരയിലും 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊടുപുഴ പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളവും അരുവിക്കര പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളം, 20 ലിറ്റർ ജാർ എന്നിവയും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. 13 രൂപയ്ക്കാണ് ഒരു ലിറ്റർ കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ചുവിതരണം നടത്തി വരുന്നത്. കൂടുതൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ച് കുപ്പിവെള്ളത്തിന്റെ വിതരണം വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് കുപ്പി വെള്ളത്തിന്റെ വില ലിറ്ററിന് 13 രൂപ ആയി നിശ്ചയിച്ച് പുറപ്പെടുവിച്ച 17.03.2020-ലെ സ.ഉ (അച്ചടി) 5/20/ഭ.പൊ.വി.വ നമ്പർ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടികൾ സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറലിനോട് തേടിയിരിക്കുകയാണ്. |
| (ബി) | സർക്കാർ മേഖല വിപണനം നടത്തുന്ന കുടിവെള്ളത്തിന്റെ അളവും അതിലൂടെ ലഭ്യമാകുന്ന വരുമാനവും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഹില്ലി അക്വാ കുപ്പിവെള്ള പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വിവിധ കുപ്പിവെള്ളത്തിന്റെ അളവുകൾ: 1 ലിറ്റർ, 2 ലിറ്റർ, 20 ലിറ്റർ. കഴിഞ്ഞ 3 വർഷത്തെ വിറ്റുവരവ് 1. 2018 -19 - ₹ 5.36 കോടി 2. 2019-20 - ₹ 5.73 കോടി 3. 2020 -21 - ₹ 3.11 കോടി |

സെക്ഷൻ ഓഫീസർ